# കേരള നിയമസഭ
# 19.02.2013-ലെ മറുപടിക്ക്

<u>മാധ്യമ പ്രവര്‍ത്തകര്‍ക്കെതിരെയുള്ള കേസ്</u>

3827 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലന്‍
,, വി. ശിവന്‍കുട്ടി
,, എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാധ്യമപ്രവര്‍ത്തകര്‍ക്കെതിരെ കള്ളമൊഴികളിലൂടെ ഗുരുതരമായ കുറ്റകൃത്യങ്ങള്‍ ചുമത്തി കേസെടുക്കുന്ന സ്ഥിതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഈ സര്‍ക്കാര്‍ എത്ര മാധ്യമപ്രവര്‍ത്തകര്‍ക്കെതിരെ കേസെടുത്തിട്ടുണ്ട്;

(ബി) കേരളത്തില്‍നിന്നുള്ള ഒരു മാധ്യമപ്രവര്‍ത്തകര്‍ക്കെതിരെ കര്‍ണ്ണാടക പോലീസ് എടുത്ത കേസ് ഏതാണെന്നറിയുമോ; ഈ കേസിന്റെ കുറ്റപത്രം കോടതിയില്‍ സമര്‍പ്പിക്കപ്പെട്ടിട്ടുള്ളതായി അറിവുണ്ടോ;

(സി) ഈ കേസിനെതിരെ പത്രപ്രവര്‍ത്തക യൂണിയനും മുതിര്‍ന്ന മാധ്യമപ്രവര്‍ത്തകരും നല്‍കിയ നിവേദനത്തില്‍ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

**കേരള നിയമസഭ**
**19.02.2013-ലെ മറുപടിക്ക്**

<u>മന്ത്രിയ്ക്കെതിരെയുള്ള വിജിലന്‍സ് അന്വേഷണം</u>

3870 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, പി. റ്റി. എ. റഹീം
,, സി. കെ. സദാശിവന്‍
,, എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിലെ ഏതെങ്കിലും മന്ത്രിക്കെതിരെ കൈക്കൂലി വാങ്ങിയെന്ന പരാതിയിന്മേല്‍ വിജിലന്‍സ് കോടതി ഹര്‍ജി ഫയലില്‍ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആര്‍ക്കെതിരെ ഏത് കോടതിയിലാണെന്നും പരാതിയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ; പരാതിയോടൊപ്പം എന്തെല്ലാം തെളിവുകളാണ് സമര്‍പ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

